| 01-02-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - നിങ്ങളുടെ ദൃഷ്ടി ഏതെങ്കിലും ദേഹധാരികളുടെ അടുത്തേക്ക് പോകരുത്, എന്തുകൊണ്ടെന്നാൽ നിങ്ങളെ പഠിപ്പിക്കുന്നത് സ്വയം നിരാകാരനായ ജ്ഞാനസാഗരനായ ബാബയാണ്.**

**ചോദ്യം** : ഉയർന്ന പദവിക്കു വേണ്ടി ഏതൊരു പരിശ്രമമാണ് നിങ്ങൾ കുട്ടികൾക്ക് ഗൃഹസ്ഥവ്യവഹാരത്തിലിരുന്നുകൊണ്ടും ചെയ്യാൻ പറ്റുന്നത്?
**ഉത്തരം** : ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ട് ജ്ഞാനത്തിന്റെ ആയുധം പ്രയോഗിക്കൂ. സ്വദർശന ചക്രധാരിയായി മാറൂ, ശംഖധ്വനി മുഴക്കിക്കൊണ്ടിരിക്കൂ. നടക്കുമ്പോഴും കറങ്ങുമ്പോഴും പരിധിയില്ലാത്ത അച്ഛനെ ഓർമിക്കൂ, ആ സുഖത്തിലിരിക്കൂ എങ്കിൽ ഉയർന്ന പദവി ലഭിക്കും. ഇതുതന്നെയാണ് പരിശ്രമം.

**ചോദ്യം** : യോഗത്തിലൂടെ നിങ്ങൾക്ക് ഏതൊരു ഡബിൾ ലാഭമാണ് ലഭിക്കുന്നത്?
**ഉത്തരം** : ഒന്ന്, ഈ സമയത്ത് ഒരു വികർമവും ഉണ്ടാകുന്നില്ല, മറ്റൊന്ന് മുമ്പു ചെയ്തിട്ടുള്ള വികർമങ്ങൾ വിനാശമാകും.

**ഗീതം** : മാതാ..... അങ്ങു തന്നെയാണ് സർവ്വരുടെയും ഭാഗ്യവിധാതാവ്.

**ഓം ശാന്തി**. സത്സംഗം അഥവാ കോളജ് മുതലായവയിലൊക്കെ ആരാണ് പഠിപ്പിക്കുന്നത് എന്ന് നമുക്ക് കാണാൻ സാധിക്കും. ദൃഷ്ടി ശരീരത്തിലേക്കാണ് പോകുന്നത്. കോളജിൽ പറയാറുണ്ട് ഇതു പ്രൊഫസർ ആണു പഠിപ്പിക്കുന്നത്. സത്സംഗത്തിൽ പറയും ഏതെങ്കിലും വിദ്വാൻ കേൾപ്പിക്കുകയാണെന്ന്. മനുഷ്യരുടെ മേലാണ് ദൃഷ്ടി പോകുന്നത്. ഇവിടെയാണെങ്കിൽ നിങ്ങളുടെ ദൃഷ്ടി ഏതെങ്കിലും ദേഹധാരികളിൽ ഒരിക്കലും പോകില്ല. നിങ്ങളുടെ ബുദ്ധിയിലുണ്ട്-നിരാകാരനായ പരംപിതാപരമാത്മാവാണ് ഈ ശരീരത്തിലൂടെ കേൾപ്പിക്കുന്നത്. ബുദ്ധി പോകുന്നത് മാതാപിതാവിന്റെ അല്ലെങ്കിൽ ബാപ്ദാദയുടെ അടുത്തേക്കാണ്. കുട്ടികൾ കേൾപ്പിക്കുകയാണെങ്കിൽ പറയും- ജ്ഞാനസാഗരനായ ബാബയിലൂടെ കേട്ടതായ കാര്യങ്ങൾ കേൾപ്പിക്കുകയാണ്. അപ്പോൾ വ്യത്യാസമുണ്ടല്ലോ. സത്സംഗത്തിൽ എന്തെങ്കിലും കേൾപ്പിക്കുകയാണെങ്കിൽ മനസിലാക്കുന്നു-ഈ വേദങ്ങൾ കേൾപ്പിക്കുന്നവർക്ക് പദവിയിലും കുലത്തിലും ജാതിയിലുമൊക്കെയാണ് ദൃഷ്ടി പോകുക. ഇത് ഹിന്ദുവാണ്, ഇത് മുസൽമാനാണ്. ദൃഷ്ടി അവിടേക്കാണ് പോകുന്നത്. ഇവിടെ നിങ്ങളുടെ ദൃഷ്ടി പോകുന്നത് ശിവബാബയിലേക്കാണ്. ശിവബാബയാണ് പഠിപ്പിക്കുന്നത്. ഇപ്പോൾ ബാബ ഭാവിയിലെ പുതിയ ലോകത്തിനു വേണ്ടി സമ്പത്തു തരുന്നതിനായി വന്നിരിക്കുകയാണ്. വേറെയാർക്കും ഇങ്ങനെ പറയാൻ സാധിക്കില്ല-അല്ലയോ കുട്ടികളേ നിങ്ങളേ സ്വർഗത്തിലേക്കയക്കാൻ വേണ്ടി ഞാൻ രാജയോഗം പഠിപ്പിക്കുകയാണ്. ഇപ്പോൾ ഈ ഗീതവും കേട്ടു. ഗീതം കഴിഞ്ഞ കാലത്തുണ്ടായിരുന്നതാണ്. അങ്ങനെ ജഗദംബയും ഉണ്ടായിരുന്നു. തീർച്ചയായും അവർ ഭാഗ്യമുണ്ടാക്കി, അവരുടെ ക്ഷേത്രവുമുണ്ട്. എന്നാൽ അവർ ആരായിരുന്നു, എങ്ങനെയാണ് വന്നത്, ഏതൊരു ഭാഗ്യമാണ് ഉണ്ടാക്കിയത്, ഇതൊന്നും ആർക്കുമറിയില്ല. അതുകൊണ്ട് ഈ പഠിത്തത്തിനും ആ പഠിത്തത്തിനും തമ്മിൽ രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. ഇവിടെ നിങ്ങൾ മനസിലാക്കുന്നുണ്ട്-ജ്ഞാനസാഗരനായ പരമാത്മാവ് ബ്രഹ്മാമുഖത്തിലൂടെ പഠിപ്പിക്കുകയാണ്. ബാബ വന്നിരിക്കുകയാണ്. ഭക്തരുടെ അടുത്ത് ഭഗവാന് വരിക തന്നെ വേണം. അല്ലെങ്കിൽ ഭക്തർ ഭഗവാനെ എന്തിനാണ് ഓർമിക്കുന്നത്. എല്ലാവരും ഭഗവാനാണ് എന്നതും തെറ്റായ കാര്യമാണ്. സർവവ്യാപിയുടെ ജ്ഞാനമുള്ളവർ അവരുടെ കാര്യം സ്ഥിരീകരിക്കാൻ വേണ്ടി തന്റെ 20 നഖങ്ങളുടെ ശക്തി ഉപയോഗിക്കുന്നു. നിങ്ങൾ മനസിലാക്കിക്കൊടുക്കുന്നത് വേറെ രീതിയിലാണ്. പരിധിയില്ലാത്ത അച്ഛനിൽ നിന്ന് കുട്ടികൾക്കു തന്നെയാണ് സമ്പത്തു ലഭിക്കുന്നത്. സന്യാസികളുടേതാണെങ്കിൽ വൈരാഗ്യമാർഗമാണ്, നിവൃത്തിമാർഗമാണ്. അവരിൽ നിന്നൊരിക്കലും സമ്പത്തിന്റെ അധികാരം ലഭിക്കുന്നില്ല. അവർ സമ്പത്ത് ആഗ്രഹിക്കുന്നേയില്ല. നിങ്ങൾ സദാ സുഖത്തിന്റെ സമ്പത്ത് ആഗ്രഹിക്കുന്നു. നരകത്തിലെ ധനത്തിലും സമ്പത്തിലും ദു:ഖം മാത്രമേയുള്ളൂ. ഒരുപക്ഷേ ധനവാനായിരിക്കാം. എന്നാൽ പെരുമാറ്റം ഇത്രയും മോശമാണ്- പണം ധൂർത്തടിക്കുന്നു, പിന്നെ കുട്ടികൾ വിശന്നു മരിക്കുന്നു. അതുകൊണ്ട് സ്വയത്തെയും ദു:ഖി, കുട്ടികളെയും ദു:ഖികളാക്കുന്നു. ഇത് പരിധിയില്ലാത്ത അച്ഛനാണ്, ബാബയിരുന്ന് കുട്ടികൾക്ക് മനസിലാക്കിത്തരുന്നു. ലൗകിക പിതാക്കന്മാർ ഭിന്ന ഭിന്ന തരത്തിലാണ്. അവരിൽ നിന്ന് അല്പകാലത്തേക്കുള്ള സമ്പത്താണ് ലഭിക്കുന്നത്. ഒരുപക്ഷേ രാജാക്കന്മാരായിരിക്കും. എന്നാലും പരിധിയുള്ളതാണല്ലോ. പരിധിയുള്ളതെല്ലാം അല്പകാലത്തെ

സുഖമാണ്. ഈ പരിധിയില്ലാത്ത അച്ഛൻ അവിനാശിയായ സുഖം തരുന്നതിനു വേണ്ടി വരികയാണ്. മനസിലാക്കിത്തരുന്നുമുണ്ട്-ഭാരതവാസി ഡബിൾ കിരീടധാരിയായിരുന്നു, സ്വർഗത്തിന്റെ അധികാരിയായിരുന്നു, അവരിപ്പോൾ നരകത്തിന്റെ അധികാരിയായി മാറിയിരിക്കുകയാണ്. നരകത്തിൽ ദു:ഖമാണ്, വേറെ ഇങ്ങനെയുള്ള നദികളൊന്നുമില്ല- ഘോരമായ നരകത്തിന്റെയും വിഷയവൈതരണി നദി മുതലാവയുടെയും ചിത്രങ്ങൾ ഗരുഢപുരാണത്തിൽ കാണിച്ചിട്ടുണ്ട്. ഇതൊക്കെ ശിക്ഷകളുടെ കാര്യമാണ്. ശിക്ഷകളനുഭവിക്കേണ്ടതായി വരും. അതുകൊണ്ട് ഇങ്ങനെയുള്ള ഭീകരമായ കാര്യങ്ങളൊക്കെ എഴുതിവെച്ചിരിക്കുകയാണ്. പണ്ടുകാലങ്ങളിൽ ഏതൊരവയവം കൊണ്ടാണോ തെറ്റു ചെയ്യുക ആ അവയവം മുറിച്ചു കളയുമായിരുന്നു. വളരെ കടുത്ത ശിക്ഷകൾ ലഭിച്ചിരുന്നു. ഇപ്പോൾ ഇത്രയും കടുത്ത ശിക്ഷകളൊന്നും ലഭിക്കുന്നില്ല. തൂക്കിക്കൊല്ലുന്ന ശിക്ഷയും ഇത്ര കടുത്തതൊന്നുമല്ല. അത് വളരെ ഈസിയാണ്. ഇപ്പോൾ മനുഷ്യർ ജീവഹത്യയും വളരെ സന്തോഷത്തോടെയാണ് ചെയ്യുന്നത്. ശിവന്റെ മേൽ, ദേവതകളുടെ മേൽ പെട്ടെന്ന് ബലിയർപ്പണമാകാറുണ്ട്. നിങ്ങൾക്കറിയാമോ ആത്മാവ് ദു:ഖത്തിലാകുമ്പോൾ ആഗ്രഹിക്കുന്നു- ഈ ശരീരം വിട്ട് വേറൊരു ശരീരമെടുക്കണമെന്ന്. ഈ ജീവഹത്യ ചെയ്യുന്നവർ ഇതൊന്നും മനസിലാക്കുന്നില്ല-അവർ ഇവിടെ ഒരു ശരീരം വിട്ട് ഇവിടെത്തന്നെ വീണ്ടും മോശമായ ജന്മമെടുക്കുന്നു. ജ്ഞാനം ഇല്ലേയില്ല. ശരീരത്തെ നശിപ്പിക്കുക മാത്രം ചെയ്യുന്നു- ദു:ഖം കാരണത്താൽ. വീണ്ടും ദു:ഖം നിറഞ്ഞ ജന്മം തന്നെയാണെടുക്കുന്നത്. നിങ്ങൾക്കറിയാം നമ്മളിപ്പോൾ പുതിയ ലോകത്തിന്റെ അധികാരിയായി മാറിയിരിക്കുകയാണ്. ജീവഹത്യ ചെയ്യുന്നവരും പലതരക്കാരായിരിക്കും. ചില സ്ത്രീകൾ പതിയ്ക്കു പുറകെ തന്റെ ശരീരവും ഹോമിക്കുന്നതുപോലെ(സതി), ഇത് വേറൊരു രീതി. മനസിലാക്കുന്നു-നമ്മൾ പതിയുടെ ലോകത്തിലേക്ക് പോകും. എന്തുകൊണ്ടെന്നാൽ കേട്ടിട്ടുണ്ട്, വളരെ പേർ ചെയ്തതായിട്ട്, ശാസ്ത്രത്തിലും പറഞ്ഞിട്ടുണ്ട്- പതിയുടെ ലോകത്തേക്ക് പോകുമെന്ന്. എന്നാൽ ആ പതിയാണെങ്കിൽ കാമിയാണ്. എന്നിട്ടും ഈ മൃത്യുലോകത്തേക്കു തന്നെ വരേണ്ടതായി വരും. ഇവിടെ ജ്ഞാന ചിതയിലിരിക്കുന്നതിലൂടെ സ്വർഗത്തിലേക്കു പോകുന്നു.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ഈ ജഗദംബ, ജഗദ്പിതാവ്-ആരാണോ സ്ഥാപനയ്ക്ക് നിമിത്തമായിരിക്കുന്നത്, ഇവർ തന്നെയാണ് ഇനി സ്വർഗത്തിൽ പാലന ചെയ്യുന്നത്. മനുഷ്യർക്കറിയില്ല- വിഷ്ണു കുലമെന്ന് ആരെയാണ് പറയുന്നത്. വിഷ്ണുവാണെങ്കിൽ സൂക്ഷ്മവതനവാസിയാണ്. അദ്ദേഹത്തിന്റെ കുലമെങ്ങനെയാണ് ഉണ്ടാകുന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം, വിഷ്ണുവിന്റെ രണ്ടു രൂപം ലക്ഷ്മീനാരായണനായി പാലന ചെയ്യുന്നു, രാജ്യം ഭരിക്കുന്നു. ഇത് ജ്ഞാനചിതയാണ്. നിങ്ങൾ യോഗം വെയ്ക്കുന്നത് ഒരേയൊരു പതിയുടെ അടുത്താണ്. അതിൽ സർവസംബന്ധവും വരുന്നുണ്ട്. ബാബ പറയുന്നു- ഈ സമയത്ത് നിങ്ങളുടെ ചാച്ച, മാമ എല്ലാവരും നിങ്ങൾക്ക് ദു:ഖത്തിന്റെ നിർദേശമാണ് തരുന്നത്. വിപരീത മാർഗത്തിന്റെ ആസുരീയ നിർദേശമാണ് തരുന്നത്. പരിധിയില്ലാത്ത അച്ഛൻ വന്ന് കുട്ടികൾക്ക് ശരിയായ നിർദേശം തരുന്നു. മനസിലാക്കൂ-ലൗകിക പിതാവ് പറയുന്നു-കോളജിൽ പഠിച്ച് ബാരിസ്റ്റർ മുതലായ ബിരുദം നേടണം. അത് ഒരു വിപരീതനിർദേശമൊന്നുമല്ല. ശരീരനിർവഹണാർത്ഥം അതും ശരിയാണ്. ആ പുരുഷാർത്ഥം ചെയ്യുക തന്നെ വേണം. അതിനോടൊപ്പം പിന്നീട് ഭാവിയിലേയ്ക്കുള്ള 21 ജന്മത്തിന്റെ ശരീരനിർവണാർത്ഥവും പുരുഷാർത്ഥം ചെയ്യണം. പഠിത്തം ശരീരനിർവഹണാർത്ഥമായിത്തന്നെയാണ് ചെയ്യുന്നത്. ശാസ്ത്രത്തിന്റെ പഠിത്തവുമുണ്ട്- നിവൃത്തിമാർഗത്തിലുള്ളവുടെ ശരീരനിർവഹണാർത്ഥം. അവർ അവരുടെ ശരീരനിർവഹണാർത്ഥം തന്നെയാണ് പഠിക്കുന്നത്. സന്യാസിയും ശരീരനിർവഹണാർത്ഥം-ചിലർ 50, ചിലർ 100, ചിലർ 1000 ഒക്കെ സമ്പാദിക്കുന്നുണ്ട്. ഒരു കാശ്മീരിലെ രാജാവു മരിച്ചപ്പോൾത്തന്നെ ആര്യസമാജക്കാർക്കും മറ്റും എത്ര പണമാണ് ലഭിച്ചത്. അതുകൊണ്ട് ഇതൊക്കെ ചെയ്യുന്നത് വയറിനു വേണ്ടി മാത്രമാണ്. സമ്പത്തില്ലാതെ ഒരിക്കലും സുഖം ലഭിക്കില്ല. ധനമുണ്ടെങ്കിൽ കാറിലും മറ്റും സഞ്ചരിക്കുന്നു. മുമ്പൊക്കെ സന്യാസിമാർ പണത്തിനു വേണ്ടിയായിരുന്നില്ല സന്യാസം ചെയ്തിരുന്നത്. അവർ കാട്ടിലേക്കു പോവുകയാണ് ചെയ്തിരുന്നത്. ഈ ലോകത്തിലെ ബുദ്ധിമുട്ടുകളിൽ നിന്ന് സ്വയത്തെ മുക്തമാക്കുകയാണ്. എന്നാൽ അങ്ങനെയൊന്നും മുക്തമാവില്ല. എന്നാൽ പവിത്രമായിരിക്കുന്നുണ്ട്. പവിത്രതയുടെ ബലത്തിലൂടെ ഭാരതത്തെ താങ്ങി നിർത്തുന്നുണ്ട്. ഇതും ഭാരതത്തിന് സുഖം കൊടുക്കുക തന്നെയാണ്. ഇവർ പവിത്രമായിരുന്നില്ലെങ്കിൽ ഭാരതം വളരെ വളരെ വേശ്യാലയമായി മാറിയിരുന്നു. പവിത്രത പഠിപ്പിക്കുന്നവർ ഈ ഒരു നിവർത്തി മാർഗത്തിലുള്ളവരാണ്. മറ്റൊന്ന് ബാബ. അത് നിവർത്തി മാർഗത്തിന്റെ പവിത്രതയാണ്. ഇത് പ്രവൃത്തിമാർഗത്തിന്റെ പവിത്രതയാണ്. ഭാരതത്തിൽ പവിത്ര പ്രവൃത്തിമാർഗമായിരുന്നു. നമ്മൾ ദേവീദേവതമാർ പവിത്രമായിരുന്നു. ഇപ്പോൾ അപവിത്രമായിരിക്കുന്നു. പൂർണമായും അരകല്പം 5 വികാരങ്ങളിലൂടെ നമ്മൾ അപവിത്രമാകുന്നു. മായ കുറേശ്ശെ കുറേശ്ശെയായി പൂർണമായിത്തന്നെ അപവിത്രരും പതീതരുമാക്കി മാറ്റി. ലോകത്തിൽ ഇത് ഒരു മനുഷ്യരും അറിയുന്നില്ല-നമ്മൾ പാവനത്തിൽ നിന്ന് എങ്ങനെയാണ് പതീതമായി മാറുന്നത്. മനസിലാക്കുന്നുമുണ്ട്-ഇത് പതീതലോ

കമാണെന്ന്. നോക്കൂ–ചില കെട്ടിടത്തിന്റെ ആയുസ് നൂറു വർഷത്തെയാണ്, അതുകൊണ്ട് ഇങ്ങനെ പറയും–50 വർഷം പുതിയത്, 50 വർഷം പഴയത്, മെല്ലെ മെല്ലെ പഴയതായി മാറും. ഈ സൃഷ്ടിയുടെയും അങ്ങനെയാണ്. പുതിയ ലോകത്തിൽ പരമമായ സുഖമുണ്ടായിരിക്കും. പിന്നീട് അരകല്പത്തിനു ശേഷം പഴയതാകുന്നു. പാടപ്പെട്ടിട്ടുമുണ്ട്–സത്യയുഗത്തിൽ അളവറ്റ സുഖമുണ്ടായിരുന്നു. പിന്നീട് പഴയ ലോകമായി മാറുന്നു. അതുകൊണ്ട് ദു:ഖം ആരംഭിക്കുന്നു. രാവണൻ ദു:ഖം തരുന്നു. രാവണനാണ് പതീതമാക്കി മാറ്റിയത്. അതിന്റെ കോലം കത്തിക്കുന്നു. ഇത് വളരെ വലിയ ശത്രുവാണ്. ചിലർ ഗവൺമെന്റിനോട് അപേക്ഷിച്ചിട്ടുണ്ട്–രാവണനെ കത്തിക്കരുതെന്ന്, ഒരുപാടു പേർ ദു:ഖിക്കുന്നുവെന്ന്. രാവണനെ വിദ്വാൻ എന്നു പറയുന്നു. മന്ത്രിരിമാർ മുതലായവർക്ക് ഒന്നും മനസിലാവുന്നില്ല. ഇപ്പോൾ നിങ്ങൾ മനസിലാക്കുന്നു–രാവണരാജ്യം ദ്വാപരം മുതലാണ് ആരംഭിക്കുന്നതെന്ന്. ഭാരതത്തിൽ തന്നെയാണ് രാവണനെ കത്തിക്കുന്നത്. ബാബ മനസിലാക്കിത്തരുന്നു–ദ്വാപരം മുതൽ ഈ ഭക്തി, അജ്ഞാനമാർഗം തുടങ്ങുന്നു. ജ്ഞാനത്തിലൂടെ പകലും ഭക്തിയിലൂടെ രാത്രിയുമുണ്ടാകുന്നു.

ഇപ്പോൾ നോക്കൂ–ജഗദംബയുടെ ഗീതം പാടുന്നു. എന്നാൽ മനസിലാക്കുന്നില്ല–സൗഭാഗ്യവിധാതാവ് എങ്ങനെയാണെന്ന്. എത്ര വലിയ മേളയാണ് ഉണ്ടാകുന്നത് എന്നാൽ ജഗദംബ ആരാണ് ഇതും അറിയുന്നില്ല. ബംഗാളിൽ കാളിയെ വളരെയധികം മാനിയ്ക്കുന്നുണ്ട്. എന്നാൽ മനസിലാക്കുന്നില്ല, കാളിയും ജഗദംബയും തമ്മിൽ എന്താണ് വ്യത്യാസമെന്ന്. ജഗദംബയെ വെളുത്തുകാണിയ്ക്കുന്നു, കാളിയെ കറുത്തുകാണിയ്ക്കുന്നു. ജഗദംബ തന്നെയാണ് ലക്ഷ്മിയായി മാറുന്നത്, അപ്പോൾ വെളുത്തതാകുന്നു. പിന്നീട് 84 ജന്മമെടുത്തെടുത്ത് കറുത്തതായി മാറുന്നു. മനുഷ്യർ എത്ര ആശയക്കുഴപ്പത്തിലാണ്. വാസ്തവത്തിൽ കാളിയും ജഗദംബയുമൊക്കെ ഒന്നു തന്നെയാണ്. ഒന്നും മനസിലാക്കുന്നില്ല. ഇതിനെയാണ് പറയുന്നത് അന്ധവിശ്വാസമെന്ന്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസിലാക്കുന്നു–ആരാണോ മുമ്പ് ജഗദംബയായിട്ടുണ്ടായിരുന്നത് അവർ ഭാരതത്തിന്റെ ഭാഗ്യമുണ്ടാക്കിയിരുന്നു. ഇപ്പോൾ നിങ്ങളും ഭാരതത്തിന്റെ സൗഭാഗ്യമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. മാതാക്കളുടെ തന്നെയാണ് മുഖ്യമായും പേരുള്ളത്. സന്യാസികളുടെയും ഉദ്ധാരണം മാതാക്കൾ തന്നെ ചെയ്യണം. ഇതും ഡ്രാമയിലടങ്ങിയിട്ടുണ്ട്. പരംപിതാപരമാത്മാ ഡയറക്ഷൻ തന്നിട്ടുണ്ട്. ഇവർക്ക് ജ്ഞാനത്തിന്റെ അസ്ത്രം തൊടുക്കൂ. നിങ്ങൾ പെൺകുട്ടികളും സന്യാസി മുതലായവരെ കാണുമ്പോൾ മനസിലാക്കിക്കൊടുക്കുന്നുണ്ട്, ഞങ്ങളെ ജ്ഞാനസാഗരനായ പരംപിതാപരമാത്മാവാണ് പഠിപ്പിക്കുന്നത്. നിങ്ങൾ പരിധിയുള്ള സന്യാസിമാരാണ്. നമ്മൾ പരിധിയില്ലാത്തവരാണ്. നമ്മളെ ബാബ രാജയോഗം പഠിപ്പിക്കുന്നതുതന്നെ നിങ്ങളുടെ ഹഠയോഗം പൂർത്തിയാവുന്നതെപ്പോഴോ അപ്പോഴാണ്. ഹഠയോഗവും രാജയോഗവും രണ്ടും ഒന്നിച്ചു നടക്കില്ല. സമയം ഇപ്പോൾ കൂടുതലൊന്നുമില്ല, വളരെ കുറച്ചേയുള്ളൂ. ബാബ പറയുന്നു–കുട്ടികളേ ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ട് കമലപുഷ്പസമാനം ജീവിയ്ക്കൂ. ബ്രാഹ്മണർക്കു തന്നെയാണ് കമലപുഷ്പസമാനം ഇരിക്കേണ്ടത്. കുമാരിമാർ സ്വതവേ പവിത്രം തന്നെയാണ്, കമലപുഷ്പസമാനം. ബാക്കി ആരാണോ വികാരത്തിൽ പോകുന്നത് അവരോടാണ് പറയുന്നത് പവിത്രമായിരിക്കൂ എന്ന്. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നുകൊണ്ട് കമലപുഷ്പസമാനമായി മാറൂ. ഓരോരുത്തരും സ്വദർശനചക്രധാരിയായി മാറൂ. ശംഖധ്വനി മുഴക്കൂ. ജ്ഞാനത്തിന്റെ കഠാരി ഉപയോഗിക്കൂ എങ്കിൽ എല്ലാ വിഷമതകളും ഇല്ലാതാകും. പരിശ്രമമുണ്ട്. പരിശ്രമമില്ലാതെ ഇത്രയും ഉയർന്ന പദവി പ്രാപ്തമാക്കാൻ കഴിയില്ല. നടക്കുമ്പോഴും കറങ്ങുമ്പോഴും ഇതേ സുഖത്തിലിരിക്കൂ. ബാബയെ ഓർമിക്കൂ. ആരാണോ വളരെ സുഖം തരുന്നത് അവരുടെ ഓർമയിലിരിക്കൂ. ഇപ്പോൾ നിങ്ങൾക്ക് പരിധിയില്ലാത്ത ബാബയെ ഓർമിക്കണം. ആ ബാബയുടെ പരിചയം കൊടുക്കണം. മനസിലാക്കിക്കൊടുക്കണം, നിങ്ങൾ ഈ രാജ്യവിദ്യ ഈ ജന്മത്തിൽ പഠിച്ച് ബാരിസ്റ്റർ മുതലായവരായി മാറും. നന്നായി മനസിലാക്കൂ, പഠിച്ചു പഠിച്ച് അഥവാ പരീക്ഷ പാസായി നിങ്ങളുടെ ആയുസു പൂർത്തിയാവും. ശരീരം വിട്ടു പോയാൽ പഠിത്തം ഇവിടെത്തന്നെ അവസാനിക്കും. ചിലർ ബിരുദമെടുത്ത് ലണ്ടനിൽ പോയി അവിടെ മരിച്ചുവെങ്കിൽ പഠിപ്പ് അവിടെത്തന്നെ അവസാനിക്കും. അത് വിനാശി പഠിത്തമാണ്. ഇത് അവിനാശി പഠിത്തമാണ്. ഇതിനൊരിക്കലും വിനാശമുണ്ടാകില്ല. നിങ്ങൾക്കറിയാം–പുതിയ ലോകത്തിൽ വന്ന് നമുക്ക് രാജ്യം ഭരിക്കണം. അത് അല്പകാലത്തെ സുഖമാണ്. എന്തായാലും ഭാഗ്യത്തിലുണ്ടെങ്കിലേ ഉണ്ടാവൂ. അറിയില്ല– എത്ര സമയം കഴിഞ്ഞുവെന്ന്. ഇവിടത്തെ കാര്യങ്ങളെല്ലാം തീരുമാനിക്കപ്പെടുന്നതാണ്. പരീക്ഷ പൂർത്തിയായാൽ നിങ്ങൾ പോയി 21 ജന്മത്തെ രാജ്യഭാഗ്യമെടുക്കും. പരിധിയുള്ള അച്ഛൻ, ടീച്ചർ,ഗുരുവിൽ നിന്ന് പരിധിയുള്ള സമ്പത്താണ് ലഭിക്കുന്നത്. മനസിലാക്കുന്നുമുണ്ട്–ഗുരുവിൽ നിന്ന് ശാന്തി ലഭിച്ചു. എന്നാലിവിടെ ശാന്തിയൊന്നും ലഭിക്കില്ല. ശരീരം കൊണ്ട് ജോലി ചെയ്ത് ചെയ്ത് ക്ഷീണിക്കുന്നു. അപ്പോൾ ആത്മാവ് ശരീരത്തിൽ നിന്ന് വേറിടുന്നു. ബാബ പറയുന്നു–ശാന്തി നിങ്ങളുടെ സ്വധർമമാണ്. ഇത് ശരീരമാണ്, ജോലിയൊന്നും ചെയ്യാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ ശാന്തമായിരിക്കൂ. ഞാൻ അശരീരി ആത്മാവാണ്. ബാബയുമായി യോഗം വെക്കുകയാണ്. എങ്കിൽ വികർമം വിനാശമാകും. അതിനാൽ ഏതെങ്കിലും സന്യാസിമാരിൽ നിന്ന് നിങ്ങൾക്ക് ശാന്തി ലഭിക്കുമായിരി

ക്കും. എന്നാൽ അതുകൊണ്ട് വികർമം വിനാശമാകില്ല. ഇവിടെ ബാബയെ ഓർമിക്കുന്നതിലൂടെ വികർമാജീത്തായി മാറുന്നു. ശരി. ഇവർ ശാന്തിയിലിരിക്കുകയാണ് എന്നതിനാൽ വികർമവും വിനാശമാകും. ഡബിൾ നേട്ടമാണ്. പഴയ വികർമവും വിനാശമാകും. ഈ യോഗബലത്തിലൂടെയല്ലാതെ പഴയ വികർമങ്ങൾ ഒരു സാഹചര്യത്തിലും ആരുടെയും വിനാശമാകില്ല. പ്രാചീനയോഗം ഭാരതത്തിന്റെ തന്നെയാണ് പാടപ്പെട്ടിട്ടുള്ളത്. ഇതിലൂടെത്തന്നെയാണ് ജന്മജന്മാന്തരത്തിലെ വികർമങ്ങൾ വിനാശമാകുന്നത്. വേറൊരുപായവുമില്ല. ഇപ്പോൾ ഇതിന്റെ വർദ്ധനവ് അവസാനിക്കും. ഗവൺമെന്റും ആഗ്രഹിക്കുന്നുണ്ട്, ഇനി ജാസ്തി പേർ വർദ്ധിക്കരുതെന്ന്. നമ്മൾ ജനപെരുപ്പം ഇത്രയും കുറയ്ക്കുന്നുണ്ട്-വളരെ കുറച്ചു പേരേ ഉണ്ടാകൂ, ബാക്കിയെല്ലാവരും പോവുക തന്നെ ചെയ്യും. മനുഷ്യരും മനസിലാക്കുന്നുണ്ട്, വിനാശമുണ്ടാകും. എന്നാൽ യുദ്ധം മുടങ്ങുന്നതു കാണുമ്പോൾ വീണ്ടും ചിന്തിക്കുന്നു-അറിഞ്ഞുകൂടാ, ഇതൊക്കെ സംഭവിക്കുമോ ഇല്ലയോ തണുത്തുപോകുന്നു. ബാബ മനസിലാക്കിത്തരുന്നു-കുട്ടികളേ സമയം കുറച്ചേയുള്ളൂ അതുകൊണ്ട് തെറ്റുകളൊന്നും ചെയ്യരുത്. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ശരീരത്തിൽ നിന്ന് വേറിട്ട് അശരീരിയായി മാറി സത്യമായ ശാന്തിയുടെ അനുഭവം ചെയ്യണം. ബാബയുടെ ഓർമയിലൂടെ സ്വയത്തെ വികർമാജീത്താക്കി മാറ്റണം.

2. അവിനാശി പ്രാലബ്ധം ഉണ്ടാക്കുന്നതിനുവേണ്ടി അവിനാശി പഠിത്തത്തിൽ പൂർണമായും ശ്രദ്ധ കൊടുക്കണം. വിപരീതമായ നിർദേശങ്ങളെ ഉപേക്ഷിച്ച് ഒരു ബാബയുടെ ശരിയായ നിർദേശത്തിലൂടെ നടക്കണം.

**വരദാനം:- ഉയർന്ന സ്ഥിതിയിലിരുന്ന് പ്രകൃതിയുടെ ചഞ്ചലതകളുടെ പ്രഭാവത്തിൽ നിന്ന് ഉപരിയായിരിക്കുന്നവരായ പ്രകൃതിജീത്തായി ഭവിക്കട്ടെ.**

മായാജീത്തായി മാറിക്കൊണ്ടിരിക്കുന്നൊക്കെയുണ്ട് പക്ഷെ ഇപ്പോൾ പ്രകൃതിജീത്തും കൂടിയാകൂ, എന്തുകൊണ്ടെന്നാൽ ഇപ്പോൾ പ്രകൃതിയുടെ ചഞ്ചലതകൾ വളരെ ഉണ്ടാകാനിരിക്കുന്നു. ചിലപ്പോൾ സമുദ്രജലം അതിന്റെ പ്രഭാവം കാണിക്കും, ചിലപ്പോൾ ഭൂമി അതിന്റെ പ്രഭാവം കാണിക്കും. പ്രകൃതിജീത്താകുകയാണെങ്കിൽ പ്രകൃതിയുടെ ഏതൊരു ചഞ്ചലതക്കും ഇളക്കാൻ സാധിക്കില്ല. സദാ സാക്ഷിയായിരുന്ന് എല്ലാ കളികളും കാണും. മാലാഖമാരെ സദാ ഉയർന്ന പർവ്വതത്തിന് മുകളിൽ കാണിക്കുന്നത് പോലെ താങ്കൾ ഫരിസ്തകൾ സദാ ഉയർന്ന സ്റ്റേജിൽ സ്ഥിതി ചെയ്യൂ എങ്കിൽ എത്രയും ഉയർന്നിരിക്കുന്നുവോ അത്രയും ചഞ്ചലതയിൽ നിന്ന് സ്വതവേ ഉപരിയായിരിക്കാം.

**സ്ലോഗൻ:- തന്റെ ശ്രേഷ്ഠ വൈബ്രേഷനിലൂടെ സർവ്വാത്മാക്കൾക്കും സഹയോഗത്തിന്റെ അനുഭൂതി ചെയ്യിപ്പിക്കുന്നതും തപസ്യയാണ്.**